LIBRARY ARCHIVES Kerala Legislative Assembly

സ്വയംഭരണ കോളേജുകൾ

12(1086) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര സ്വയംഭരണ കോളേജുകളാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത കോളേജുകൾ കൊണ്ടുള്ള നേട്ടം എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) 13.

(ബി) സ്വയംഭരണ പദവി ലഭിച്ച കോളേജുകൾക്ക് പുതിയ കോഴ്സുകൾ തുടങ്ങാനും സിലബസ് രൂപവത്ക്കരിക്കാനും, പരിഷ്കരിക്കാനും അധികാരമുണ്ട്. ഇതിലൂടെ പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് കാലാനുസൃതമായി നവീനമായ കോഴ്സുകൾ രൂപപ്പെടുത്തുന്നതിന് കോളേജുകൾക്ക് കഴിയും.

സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ

13 (1087) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷങ്ങൾ നടത്തിവരുന്ന സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ എത്രയാണ്; അവയിൽ സ്വാശ്രയ മെഡിക്കൽ, ഡെന്റൽ കോളേജുകൾ ഏതൊക്കെ ; ഏതെല്ലാം ന്യൂനപക്ഷ മാനേജ്മെന്റുകൾ നടത്തുന്നു ;

(ബി) ന്യൂനപക്ഷ മാനേജ്മെന്റുകൾ നടത്തുന്ന സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ, ഡെന്റൽ കോളേജുകളിലെ വിദ്യർത്ഥി പ്രവേശനം ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നുതന്നെയാണോ നടത്തുന്നത് ;

(സി) കഴിഞ്ഞ വർഷവും ഈ വർഷവും ന്യൂനപക്ഷ മാനേജ്മെന്റുകൾ നടത്തിവന്ന സ്വാശ്രയ കോളേജുകളിൽ ഏതെല്ലാം കോഴ്സുകൾക്ക് ഏതെല്ലാം വിഭാഗത്തിൽപ്പെട്ട എത്ര വീതം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുകയുണ്ടായി ;

(ഡി) ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ അപേക്ഷ പരിഗണിക്കാതെ ഇതരവിഭാഗത്തിൽ നിന്നുള്ളവരുടെ അപേക്ഷ പരിഗണിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ശേഖരിച്ച് വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതും, സർക്കാർ അലോട്ട്മെന്റ് നടത്തുന്നതുമായ ന്യൂനപക്ഷങ്ങൾ നടത്തിവരുന്ന 50 സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ നിലവിലുണ്ട്. ഇത്തരത്തിലുള്ള സ്വാശ്രയ മെഡിക്കൽ, ഡെന്റൽ കോളേജുകളുടെ വിവരം അനുബന്ധം (എ) ആയി ചേർക്കുന്നു. അവയുടെ മാനേജ്മെന്റുകളെ സംബന്ധിച്ച വിവരം ഉന്നത വിദ്യാഭ്യാസ വകുപ്പിൽ ലഭ്യമല്ല.

(ബി) സംസ്ഥാന സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതും, സർക്കാർ അലോട്ട്മെന്റ് നടത്തുന്നതുമായ ന്യൂനപക്ഷ കോളേജുകളിൽ, പ്രോസ്പെക്ടസിലെയും അതത് കോളേജുകൾ സർക്കാരുമായി ഏർപ്പെട്ടിട്ടുള്ള കരാറുകളുടെയും അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി മെറിറ്റും സംവരണതത്വങ്ങളും പാലിച്ചുകൊണ്ടാണ് സർക്കാർ സീറ്റുകളിൽ അലോട്ട്മെന്റ് നടത്തുന്നത്.

(സി) കഴിഞ്ഞവർഷവും ഈ വർഷവും ന്യൂനപക്ഷ കോളേജുകളിൽ നടത്തിയ പ്രവേശനം സംബന്ധിക്കുന്ന വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് അനുബന്ധം (ബി) ആയി ചേർക്കുന്നു.*

(ഡി) സംസ്ഥാന സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതും, സർക്കാർ അലോട്ട്മെന്റ് നടത്തുന്നതുമായ ന്യൂനപക്ഷ കോളേജുകളിൽ, പ്രോസ്പെക്ടസിലെയും അതത് കോളേജുകൾ സർക്കാരുമായി ഏർപ്പെട്ടിട്ടുള്ള കരാറുകളുടെയും അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി മെറിറ്റും സംവരണതത്വങ്ങളും പാലിച്ചുകൊണ്ടാണ് സർക്കാർ സീറ്റുകളിൽ അലോട്ട്മെന്റ് നടത്തിവരുന്നത്. ഇത്തരം കോളേജുകളിൽ അതത് മാനേജ്മെന്റുകൾ പ്രതിനിധാനം ചെയ്യുന്ന സമുദായങ്ങൾക്കായി നീക്കിവച്ചിട്ടുള്ള കമ്മ്യൂണിറ്റി ക്വാട്ടയിലേക്കുള്ള അലോട്ട്മെന്റും പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും നടത്തുന്നുണ്ട്.

തലശ്ശേരി ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന്റെ നിർമ്മാണം

14 (1088) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന്റെ നിർമ്മാണത്തിനായി എം.എൽ.എ. ആസ്തി വികസന ഫണ്ടായ അഞ്ച് കോടി രൂപയ്ക്ക് പുറമെ സർക്കാർ എന്തു തുക നീക്കിവെച്ചെന്ന് വെളിപ്പെടുത്താമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.